
രൂപകല ഫിലിംസ്
കല്യാണപ്പന്തൽ
കഥ, സംഭാഷണം, സംവിധാനം
ഡോക്ടർ ബാലകൃഷ്ണൻ
ഷബീനാ റിലീസ്
237

# കല്യാണപ്പന്തൽ

| | | |
|---|---|---|
| കലാസംവിധാനം | : | ബാലൻ |
| സ്റ്റണ്ട സംവിധാനം | : | എൻ. ശങ്കർ |
| നൃത്ത സംവിധാനം | : | വൈക്കം മൂർത്തി |
| നിശ്ചലചരായാഗ്രഹണം | : | രാജൻ കല്ലായി |
| വേഷാലങ്കാരം | : | ഗംഗാധരൻ |
| സഹായി | : | സദാശിവൻ |
| വസ്ത്രാലങ്കാരം | : | നടരാജൻ |
| സഹായി | : | ഗണേശൻ |
| കേശാലങ്കാരം | : | കൃഷ്ണവേണി |
| ശബ്ദലേഖനം | : | കണ്ണൻ (ഭരണിസ്റ്റുഡിയോ) |
| സ്റ്റുഡിയോ | : | അരുണാചലം |
| രംഗസജ്ജീകരണം | : | നിയോഫിലിമോക്രാഫ്റ്റ് |
| പ്രൊസസ്സിംഗ് | : | ന്യൂഇറാലാബറട്ടറി |
| ഔട്ട്ഡോർയൂണിററ് | : | മൂർത്തി മൂവീസ് |
| പബ്ലിസിററി | : | കുരിയൻ വർണ്ണശാല |
| പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് | : | കെ. പി. സി. പിള്ള |
| ചിത്ര സങ്കലന സഹായകർ | : | സത്യം, രാജഗോപാൽ |
| സംവിധാന സഹായകർ | : | പി. ചന്ദ്രകുമാർ<br>സത്യൻ അന്തിക്കാട്ട്<br>വേലായുധൻ |

[അയൽവക്കക്കാരനായ മൂന്നു വ്യത്യസ്ഥ മതസ്ഥരുടെ കഥ]

ഉദയവർമ്മരാജാ:

ശ്രീമംഗലം കോവിലകത്തെ ഉദയവർമ്മരാജ അന്തസ്സും ആഭിജാത്യവുമുള്ള ഒരു കാർണവരാണു്. വലിയമ്മാവൻ കുഴിച്ചിട്ടിട്ടുണ്ടെന്നു വിശ്വസിക്കുന്ന നിധിയെക്കുറിച്ചു സ്വപ്നം കണ്ടു്, രാവും പകലും ആ ചിന്തയുമായി നടക്കുന്ന ഉദയവർമ്മ, നിധിയിരിക്കുന്ന ഭാഗം കൊടുക്കേണ്ടി വരുമോ എന്ന ഭയത്താൽ തൻെറ മകൾ രാധയെ സിനിമാ ഭ്രാന്തും നാടകഭ്രാന്തുമായി നടക്കുന്ന മരുമകൻ അപ്പുണ്ണിയെക്കൊണ്ടു് വിവാഹം കഴിപ്പിക്കാൻ തീർച്ചയാക്കി. ബോംബയിൽ ഉദ്യോഗത്തിൽ കഴിയുന്ന മുറച്ചെറുക്കൻ രാജനേയും പ്രതീക്ഷിച്ചിരുന്ന നിഷ്കളങ്കയായ രാധയ്ക്കു് ആശ്വാസം പകർന്നിരുന്നതു് അമ്മയായ മാധവിയമ്മയും അപ്പുണ്ണിയുടെ സഹോദരിയായ ശ്രീദേവിയുമായിരുന്നു. ബോംബെയിൽ നിന്നു് രാജൻ അവധിക്കു് നാട്ടിൽ വരികകൂടിചെയ്തപ്പോൾ അപ്പുണ്ണി തൻെറ വാദങ്ങൾക്കു് വീര്യം കൂട്ടി. അവനെ സഹായിക്കാൻ നൃവേവു് കലാസമതി എന്ന കറക്കകമ്പനിയും കൂടെയുണ്ടായിരുന്നു.

മമ്മൂട്ടി മുതലാളി:

ഉദയവർമ്മയുടെ അയൽവാസിയായ മമ്മൂട്ടി മുതലാളി സ്നേഹസമ്പന്നനായ ഒരു വ്യവസായിയാണു്. അനാഥയായി കിടന്നിരുന്ന റഷീദിനെ വളർത്തിയതും പഠിപ്പിച്ചതുമെല്ലാം മമ്മൂട്ടി മുതലാളിയായിരുന്നു. ആ കടപ്പാടിനെക്കുറിച്ചു് തികഞ്ഞ ബോധമുള്ള റഷീദ്, മുതലാളിയുടെ മകൾ സലിമ കിന്നാരം പറയുവാൻ വരുമ്പോഴൊക്കെ ഒതുങ്ങി മാറി നിന്നു. മന

സ്സിൽ, പക്ഷേ മററാരും കാണാതെ മൊഹബെത്തിൻെറ ഒരു മുത്ത് അയാറം സലിമക്കായി സൂക്ഷിച്ചിരുന്നു. സലിമയെ കെട്ടാൻ ആഗ്രഹിച്ചു നടന്നിരുന്ന ഹസ്സൻ എന്ന സ്ത്രീലമ്പടൻ, തൻെറ പാതയിൽ ഒരു കറുത്ത കരടായി കിടക്കുന്ന റഷീദിനെ തുരത്താൻ പല തവണ ശ്രമിച്ചു നോക്കി. ആദ്യമൊക്കെ ഒതുങ്ങി നിന്നെങ്കിലും പിന്നീട് രാജനും രാധയും നൽകിയ ആത്മ ധൈര്യം മൂലം എന്തിനേയും നേരിടാൻ റഷീദ് തയ്യാറായി.

ലോനപ്പൻ:

അവിവാഹിതകളായ പെൺ മക്കറം പുരനിറഞ്ഞു നിൽക്കുന്നതു നോക്കി നിസ്സഹായ നായി നിൽക്കുന്ന ലോനപ്പൻ ഉദയവർമ്മയുടെ മറെറാരു അയൽവാസിയാണ്. തൻെറ വിവാഹം കഴിയാത്തതു കൊണ്ടാണ് സഹോദരിമാരും അവിവാഹിതകളായി നിൽക്കുന്നതെന്നബോധത്തോടെ, അമ്മച്ചിയുടെ ശകാരവും കേട്ട് ഭ്രാന്തിയായിത്തീർന്ന മൂത്ത മകറം ഏലി കാണുന്നവരോടൊക്കെ 'നിങ്ങറക്കെന്നെ കല്യാണം കഴിക്കാമോ' എന്നു ചോദിച്ചു നടക്കുന്നതു് കണ്ട് വീർപ്പുമുട്ടി കഴിയുന്ന ലോനപ്പൻെറ ദുഃഖങ്ങറം അല്പമെങ്കിലും മനസ്സിലാക്കിയിരുന്നതു മത വിശ്വാസിയല്ലാത്ത മാസ്റ്ററാണ്.

ഈ മൂന്നു കുടുംബങ്ങളുടെ സ്നേഹബന്ധത്തിൻെറ കഥയാണ് കല്യാണപ്പന്തൽ. കടം വാങ്ങി ലുശി തിരിച്ചു കൊടുക്കാൻ വഴികാണാതെ വടക്കേ കുട്ടരോട്ട് തീർത്താൽ തീരാത്ത കട പ്പാടുമായി നടക്കുന്ന ലുശിപ്പോക്കാറും രാത്രിയും പകലും നിധിക്ക് കിളച്ചു കിളച്ച് മുതുകൊടിഞ്ഞു, അതിനു കാരണക്കാരനായ കണിയാൻപണിക്കരേയും ശപിച്ചു, സൗകര്യമായി ഒന്നു ഭാര്യവീട്ടിൽ പോകാനുള്ള ആഗ്രഹവുമായി നടക്കുന്ന പെരുച്ചാഴിരാമൻ നായരുമൊക്കെ കല്യാണപ്പന്തലിലെ നിറപ്പകിട്ടാർന്ന കഥാപാത്രങ്ങളാണ്.

മതങ്ങറം തമ്മിലുള്ള സംഘട്ടനങ്ങളേ നമ്മറം ഇതു വരെ കണ്ടിട്ടുള്ളൂ. കല്യാണപ്പന്തൽ മതങ്ങറം തമ്മിലുള്ള സംയോജനത്തിൻെറ കഥയാണ്.

ഗാനം—1

രചന; യൂസഫലി കേച്ചേരി

പാടിയതു് : പി. സുശീല

ഒരു മധുരിക്കും വേദനയോ
കണ്ണുനീരിൻെറ പുഞ്ചിരിയോ
നീയാരോ, നീയാരോ
ഒന്നു പറയൂ എന്നനുരാഗമേ
അനുരാഗമേ, അനുരാഗമേ (ഒരു മധുരിക്കും)

അകലെയിരിക്കുമ്പോഴെല്ലാം
അവൻ അരികത്തൊന്നണയുവാൻ മോഹം
മാരനവൻ ചാരത്തു വന്നാൽ
എന്തോ, മനതാരിൽ വല്ലാത്തനാണം
മനതാരിൽ വല്ലാത്തനാണം
ലലലാ........ലലലാ
ആഹാഹാ....,..ആഹാഹാ........

(ഒരു മധുരിക്കും)

ഇരവിലുറങ്ങുന്ന നേരം
എൻെറ അരികത്തവൻ വന്നു നിൽക്കും
മാറോടു ചേർത്തെന്നെ പുൽകും
പിന്നെ? ഞാനെങ്ങിനെ പറയും?
കവിളത്തവൻ....ഊഹ്ഹം....ഊഹ്ഹം....
ആഹാഹാ....ലലലാ....
ആഹാഹാ....ലലലാ.... (ഒരു മധുരിക്കും)

## ഗാനം—2

രചന: യൂസഫലി കേച്ചേരി

പാടിയതു്: യേശുദാസ്

ചഞ്ചല ചഞ്ചല നയനം
ചന്ദ്രമനോഹര വദനം
മരാളഗമനം, മാദകനടനം
മാനസ മന്ദരാഗ സദനം (ചഞ്ചല)

അനുപമവിമല സരാഗകപോലം
അരുണ സരോജസമാനം മൃദുലം
മധുമധുരാസവ പൂരിത പാത്രം
മമസഖി, താവക, സുന്ദരഗാത്രം
ആഹാ ........ (ചഞ്ചല)

കോകില പഞ്ചമഗാന വിലോലം
കോമള കുസുമിത ശാർദ്ധ്വല മഖിലം
മദഭര മദന മഹോത്സവനിലയം
മമസഖി, മാമക, തരളിത ഹൃദയം
ആഹാ .... (ചഞ്ചല)

ഗാനം—3

രചന: യൂസഫലി കേച്ചേരി

പാടിയത്: കെ. സി. വർഗ്ഗീസ്

മാനസ വീണയിൽ നീയൊന്നുതൊട്ടു
മണിനാദ മന്ദാരം പൂവിട്ടു
തന്ത്രികൾക്കെല്ലാം ഒരേ ഒരുതാളം
ഒരേ ഒരു രാഗം, അനുരാഗം

(മാനസ വീണയിൽ)

മധുമാസംപോലെ നീവന്നണഞ്ഞു
മധുര പ്രതീക്ഷകൾ മലരണിഞ്ഞു
അണയാതെൻ ഹൃദയത്തിൽ തെളിഞ്ഞു നിൽക്കും
അഴകേ നീകൊളുത്തിയ പ്രണയദീപം

(മാനസ വീണയിൽ)

ആയിരം വസന്തത്തിൻ പൂക്കളെല്ലാം
ആ മലർ മിഴികളിൽ ഒതുങ്ങി നിന്നു
മറയാതെൻ ഹൃദയത്തിൽ നിറഞ്ഞു നിൽക്കും
മനസ്സിൽ നീ ഉണർത്തിയ മധുരസ്വപ്നം

(മാനസ വീണയിൽ)

ഗാനം—4

രചന : യൂസഫലി കേച്ചേരി

പാടിയതു്: യേശുദാസ്

സ്വർണ്ണാഭരണങ്ങളിലല്ല
വർണ്ണപ്പൂഞ്ചേല യിലല്ല
കാന്തനെ ദൈവമായ് —
കരുതുന്ന പെൺമണി തൻ
കരളിനകത്തല്ലോ സൗന്ദര്യസാരം
കരളിനകത്തല്ലോ സൗന്ദര്യസാരം
സൗന്ദര്യസാരം.

(സ്വർണ്ണാഭരണങ്ങളിലല്ല)

മദകരശൃംഗാര ഭാവത്തിലല്ല
മാംസപ്രദർശനത്തിലല്ല
വീടിനു വിളക്കായ കുടുംബിനി തന്നുടെ
വിനയത്തിലല്ലോ സൗഭാഗ്യസാരം

(സ്വർണ്ണാഭരണങ്ങളിലല്ല)

പൂജയ്ക്കൊരുക്കിയ പൂക്കളിലല്ല
പുണ്യതീർത്ഥങ്ങളിലല്ല
അമ്മയാം ദേവത കുഞ്ഞിനു നൽകുന്ന
അമ്മിഞ്ഞപ്പാലിലല്ലോ വേദാന്തസാരം

(സ്വർണ്ണാഭരണങ്ങളിലല്ല)

ഗാനം—5

രചന : യൂസഫലി കേച്ചേരി

പാടിയതു് : കെ. സി. വർഗ്ഗീസ്

മയ്യെഴുതി കറുപ്പിച്ച കണ്ണിൽ
മധുതുളുമ്പുമീ മലർ ചുണ്ടിൽ
പലനാളാ യെന്നന്തരംഗം—
പാറിക്കളിക്കുന്നു തങ്കം
(മയ്യെഴുതി)

ഹൃദയം നീ തേൻ കിണ്ണമാക്കി
എന്റെ മധുരപ്പതിനേഴകാരി
നാണത്തിൻ യവനികനീക്കി
എന്നിൽ ചൊരിയൂ നീ അനുരാഗലഹരി
(മയ്യെഴുതി)

സ്വപ്നത്തിൽ മണിത്തേരിലേറി
ഒരു സ്വർഗ്ഗത്തിൽ ഞാൻ വന്നിറങ്ങി
മധുര മധുരമെൻ മനം പാടി
പിന്നെ മതിമറന്നു ഞാൻ നൃത്തമാടി
(മയ്യെഴുതി)

ഗാനം—6

രചന: ഡോക്ടർ ബാലകൃഷ്ണൻ

പാടിയത്ു്: ഉഷാ, വേണുഗോപാലും
സംഘവും

മണവാട്ടിപ്പെണ്ണിനല്ലോ
മദനപ്പൂമാല ചാർത്തി
മണിമാരൻ കാത്തിരിക്കും
മണിയറയിൽ കൊണ്ടുപോകും

(മണവാട്ടി)

കൂട്ടിനു ഞങ്ങൾ ചുററും കൂടി
പാട്ടുകൾപാടാം വാ വാ പെണ്ണേ
വാ പെണ്ണേ വാ വാ പെണ്ണേ
മുത്തണി മെത്തയിൽ പൂവുകൾ വിതറി
മുത്തുവിളക്കുകൾ കണ്ണുകൾ ചിമ്മി
അത്തറു പൂശിയ കവിളിൽ മാരൻ
മുത്തം നൽകാൻ കാക്കണു് സുന്ദരീ

(മണവാട്ടി)

നാണത്താൽ തട്ടം താഴ്ത്തി
കണ്ണാടിക്കവിള മറച്ചു്
ഖൽബിൻെറ കമ്പികൾ മുറുക്കി
പോപെണ്ണേ, പോ പോ പെണ്ണേ
പോ പെണ്ണേ, പോ പോ പെണ്ണേ.

ഗാനങ്ങൾ : യൂസഫലികേച്ചേരി,
ഡോക്ടർ ബാലകൃഷ്ണൻ

സംഗീതം : എ. ടി. ഉമ്മർ

ഗായകർ : യേശുദാസ്, കെ. സി. വർഗ്ഗീസ്,
പി. സുശീല, ഉഷ, വേണുഗോപാൽ

ഛായാഗ്രഹണം : കന്നിയപ്പൻ

ചിത്രസങ്കലനം : വെങ്കിട്ടരാമൻ

അഭിനേതാക്കൾ : വിൻസൻറ്, സുധീർ, ശങ്കരാടി, സുരാസു
ഭരതൻ, മണവാളൻ, മുത്തയ്യാ, നിലമ്പൂർ
ബാലൻ, കഞ്ചൻ, കൊച്ചിൻ ഹനീഫാ,
രാംദാസ്, ഉണ്ണികൃഷ്ണൻ, ഉണ്ണി, വിജയൻ,
രഘു, ഭാർഗ്ഗവൻ, കുന്നംകുളംജോസ് വർ
ഗ്ഗീസ്, എൻ. എസ്. മണി, എം. എം.
സബാസ്റ്റ്യൻ, ടി. വി. ജോർജ്ജ്, ജപ്പാൻ
കുഞ്ഞ്.

വിധുബാല, രാജകോകില, സാധന,
ടി. ആർ. ഓമന, ഖദീജ, കെ. പി. എ.
സി. ലളിതാ, ട്രീസാ, ലിസി, സ്വപ്നാ
ലൈല, ചിത്രാ, വിജയ, & കുതിരവട്ടം
പപ്പു, പട്ടം സദൻ.

സഹസംവിധാനം: ഗോവിന്ദൻ

വിതരണം : ഹസീനാ ഫിലിംസ്

നിർമ്മാണം : രൂപകല

AYYANAR PRINDING PRESS SIVAKASI.

ഗസീനയുടെ വിഷുക്കൈനീട്ടം

ചന്തമണിഫിലിംസ്

# ലൗമാര്യേജ്

(പ്രേമവിവാഹം)

മലയാളം

സംവിധാനം:- ഹരിഹരൻ

താരങ്ങൾ:-

നസീർ, ജയഭാരതി, ഭാസി, ബഹദൂർ, ഉമ്മർ, പട്ടംസദൻ, ശങ്കരാടി, ജോസ്പ്രകാശ്, മുത്തയ്യ, റീനാ, മീനാ, റ്റി. ആർ. ഓമന ETC...

